# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 15.02.2025

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്താൻ കേന്ദ്രസർക്കാർ നടപടികൾ ആരംഭിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says, Centre is taking proactive steps to integrate AI into higher education.**

2. രാജ്യ പുരോഗതിക്ക് യുവാക്കൾ നേതൃത്വം നൽകണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

   **Vice President Jagdeep Dhankhar calls for youth leadership in national progress.**

3. യുക്രൈൻ സംഘർഷം ലഘൂകരിക്കുന്നത് സംബന്ധിച്ച് യുക്രൈൻ വിദേശകാര്യ മന്ത്രിയുമായി ചർച്ചനടത്തി കേന്ദ്രമന്ത്രി എസ് ജയശങ്കർ; അർത്ഥവത്തായ കൂടിക്കാഴ്ചയ്ക്ക് നന്ദി അറിയിച്ച് യുക്രെയ്ൻ വിദേശകാര്യ മന്ത്രി.

   **External Affairs Minister Dr Jaishankar discusses ongoing efforts for resolution of Ukraine conflict with his Ukrainian counterpart Andrii Sybiha; Mr Sybiha expresses gratitude for the meaningful meeting.**

4. കേരളത്തിനെ നിക്ഷേപ സൗഹൃദമാക്കുന്നതിൽ അടിസ്ഥാനസൗകര്യ വികസനം പ്രധാന പങ്ക് വഹിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan states infrastructure development plays key role in making Kerala investment-friendly.**

5. വെടിനിർത്തൽ കരാറിൻറെ ഭാഗമായി മൂന്ന് ഇസ്രയേലി ബന്ദികളെക്കൂടി മോചിപ്പിച്ച് ഹമാസ്.

   **Hamas released three Israeli hostages today under a ceasefire agreement.**

6. ഐ എസ് എൽ ഫുടബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് – മോഹൻ ബഗാൻ  പോരാട്ടം; വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ടോസ് നേടിയ ഡൽഹി ബൗളിങ്

**തെരഞ്ഞെടുത്തു.**

**In ISL Football Kerala Blasters to face Mohun Bagan today and in Women's Premier League cricket Delhi wins toss and opts to bowl.**

&&&&&&&&&&&&&&&&

## HEADLINE – 1

### REV. PREZ- JHARKHAND (INTRO)

ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്താൻ കേന്ദ്രസർക്കാർ നടപടികൾ ആരംഭിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു. ഝാർഖണ്ഡിലെ മേസ്രയിൽ ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 70-ാം വാർഷികാഘോഷത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിന് യുവാക്കളുടെ പ്രതിബദ്ധതയും ഉത്സാഹവും നിർണായക പങ്കു വഹിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

&&&&&&&&&&&&&&&&

## HEADLINE – 2

### VP-VISIT

രാജ്യ പുരോഗതിക്ക് യുവാക്കൾ നേതൃത്വം നൽകണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ജമ്മുവിലെ കത്രയിൽ മാതാ വൈഷ്ണോ ദേവി സർവ്വകലാശാലയുടെ പത്താം ബിരുദദാന ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു ഉപരാഷ്ട്രപതി. ജമ്മുകശ്മീരിലെ വിനോദസഞ്ചാരമേഖലയിൽ അഭിമാനകരമായ മുന്നേറ്റം ഉണ്ടായതായും ശ്രീ ധൻകർ അഭിപ്രായപ്പെട്ടു. മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിലും ഉപരാഷ്ട്രപതി സന്ദർശനം നടത്തി.

&&&&&&&&&&&&&&&&

## SELECT COMMITTEE

പുതിയ ആദായ നികുതി ബിൽ പരിശോധനയുമായി ബന്ധപെട്ട് ലോക്സഭാ സ്പീക്കർ ഓം ബിർള, എം.പി ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിൽ 31 അംഗ സെലക്ട് കമ്മിറ്റിക്ക് രൂപം നൽകി. അടുത്ത സമ്മേളനത്തിൻറെ ആദ്യ ദിവസം സമിതി റിപ്പോർട്ട് സമർപ്പിക്കും.

&&&&&&&&&&&&&&&&

## POI- AADI MAHOTSAV

ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. ഗോത്രവർഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഗോത്ര സമൂഹങ്ങളുടെ കരകൗശലം, സംസ്കാരം, ഭക്ഷണം തുടങ്ങിയവ പ്രചരിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&

## PM - Bharat Tex

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഭാരത് ടെക്സ് 2025 പരിപാടിയെ, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നാളെ അഭിസംബോധന ചെയ്യും. അസംസ്കൃത വസ്തുക്കൾ മുതൽ നിർമ്മിത ഉൽപ്പന്നങ്ങൾ വരെയുള്ള മുഴുവൻ തുണിത്തരങ്ങളുടെയും മൂല്യ ശൃംഖലയെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന പരിപാടിയാണ് ഭാരത് ടെക്സ് 2025. ഇന്നലെ ആരംഭിച്ച പരിപാടി മറ്റന്നാൾ സമാപിക്കും.

&&&&&&&&&&&&&&&&

# HEADLINE – 3

## REV. JAISHANKAR-MUNICH

ജർമ്മനിയിൽ നടന്ന മ്യൂണിക്ക് സുരക്ഷാ സമ്മേളനത്തിനിടെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യുക്രെൻ വിദേശകാര്യ മന്ത്രി ആൻഡ്രി സിബിഹയുമായി കൂടിക്കാഴ്ച നടത്തി. യുക്രെൻ സംഘർഷം, ഉഭയകക്ഷി സഹകരണം തുടങ്ങിയവ ചർച്ച ചെയ്തു. ജർമൻ പ്രതിരോധ മന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. അർത്ഥവത്തായ കൂടിക്കാഴ്ചയ്ക്ക് ശ്രീ

ജയശങ്കറിനോട് യുക്രെയ്ൻ വിദേശകാര്യ മന്ത്രി നന്ദി അറിയിച്ചു. യുക്രൈനിൽ നീതിയുക്തവും ശാശ്വതവുമായ സമാധാനം കൈവരിക്കാൻ ഇന്ത്യൻ ഇടപെടൽ ആഗ്രഹിക്കുന്നതായി അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

KASHI TAMIL SANGAM

കാശി തമിഴ് സംഗമത്തിൻറെ മൂന്നാം പതിപ്പിന് ഉത്തർപ്രദേശിലെ വാരാണസിയിൽ തുടക്കമായി. കേന്ദ്ര മന്ത്രി ധർമേദ്ര പ്രധാൻ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ തുടങ്ങിയവർ ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. തമിഴ്നാടും കാശിയും തമ്മിലുള്ള സാംസ്കാരിക ബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിയാണ് 10 ദിവസത്തെ സംഗമം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 5

DAY. ISRAEL-PALESTINE HOSTAGE

വെടിനിർത്തൽ കരാറിൻറെ ഭാഗമായി മൂന്ന് ഇസ്രയേലി ബന്ദികളെക്കൂടി മോചിപ്പിച്ച് ഹമാസ്. മൂവരും പുരുഷന്മാരാണ്. ബന്ദി കൈമാറ്റത്തിൻറെ ആറാം ഘട്ടത്തിലാണ് ഇവരെ വിട്ടയച്ചത്. അതേസമയം ഇസ്രയേൽ പകരമായി 369 പലസ്ഥീനിയൻ ബന്ദികളെ മോചിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഹമാസ് അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 4

CM (INTRO)

കേരളത്തിനെ നിക്ഷേപ സൗഹൃദമാക്കുന്നതിൽ അടിസ്ഥാനസൗകര്യ വികസനം പ്രധാന പങ്ക് വഹിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ . മലയോര ഹൈവേയുടെ കോഴിക്കോട് ജില്ലയിലെ ആദ്യ റീച്ച് കോടഞ്ചേരി - കക്കാടം പൊയിൽ റോഡിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനം നിക്ഷേപത്തിൽ മുൻനിരയിലെ

ത്തിയത് റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർധിച്ചതോടെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ്- വോയ്സ്)**

&&&&&&&&&&&&&&&&

## RAGING – KOTTAYAM

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിങ്ങിൽ പ്രതികളായ അഞ്ച് വിദ്യാർത്ഥികളുടെ പഠനം വിലക്കുമെന്ന് നഴ്സിങ് കൗൺസിൽ. കോട്ടയം സ്വദേശികളായ സാമുവൽ ജോൺസൺ, വിവേക്, മലപ്പുറം സ്വദേശികളായ രാഹുൽ രാജ്, റിജിൽ ജിത്ത്, വയനാട് സ്വദേശി ജീവ, എന്നിവരുടെ പഠനത്തിനാണ് വിലക്കേർപ്പെടുത്താൻ തീരുമാനമായത്. കൗൺസിലിന്റെ തീരുമാനം കോളജിനെ അറിയിക്കും. പ്രതികളായവരെ നേരത്തെ സസ്പെൻഡ് ചെയ്തിരുന്നു.

&&&&&&&&&&&&&&&&

## HEATWAVE

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട് ജില്ലയിൽ ചൂട് ക്രമാതീതമായി കൂടുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&

## GULVEER SINGH

ബോസ്റ്റണിൽ നടന്ന ഡേവിഡ് ഹെമറി ഇൻവിറ്റേഷൻ മീറ്റിൽ പുരുഷന്മാരുടെ 3000 മീറ്റർ ഓട്ടത്തിൽ ഇന്ത്യയുടെ ഗുൽവീർ സിംഗിന് വെള്ളി. 7 മിനിറ്റ് 38.26 സെക്കൻഡിലാണ് ഗുൽവീറിൻറെ മെഡൽ നേട്ടം. ഇതോടെ 2008ൽ ഇന്ത്യയുടെ സുരേന്ദ്രസിംഗ് നേടിയ ദേശീയ റെക്കോഡും ഗുൽവീർ മറികടന്നു.

&&&&&&&&&&&&&&&&

## HEADLINE – 6

### ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ് പോരാട്ടം. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. ഐഎസ്എൽ മൽസരത്തോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം രാത്രി 11 മണിവരെ ദീർഘിപ്പിച്ചു. കലൂർ സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും സർവ്വീസ് ഉണ്ടായിരിക്കും. മറ്റൊരു മത്സരത്തിൽ പഞ്ചാബിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ചെന്നൈയിൻ എഫ് സി പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&

### W P L

വഡോദരയിൽ നടക്കുന്ന വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ,ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ടോസ് നേടിയ ഡൽഹി ബൗളിങ് തെരഞ്ഞെടുത്തു.

&&&&&&&&&&&&&&&&

### ASIAN SENIOR ATHLETICS- RANCHI

നാലാമത് സൗത്ത് ഏഷ്യൻ സീനിയർ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് മെയ് മൂന്നിന് റാഞ്ചിയിൽ തുടക്കമാകും. മെയ് 5ന് സമാപിക്കും. 2008ലെ മൂന്നാം പതിപ്പിന് ശേഷം 17 വർഷങ്ങൾക്കിപ്പുറമാണ് ചാമ്പ്യൻഷിപ്പിന് കളമൊരുങ്ങുന്നത്.

&&&&&&&&&&&&&&&&

### TENNIS-SINNER BAN

ഉത്തേജകമരുന്ന് ഉപയോഗിച്ചതായി സ്ഥിരീകരിച്ചതിനെ തുടർന്ന് ലോക ഒന്നാം നമ്പർ ടെന്നീസ് താരം ഇറ്റലിയുടെ ജന്നിക് സിന്നറെ ലോക ഉത്തേജക വിരുദ്ധ ഏജൻസി മൂന്ന് മാസത്തേയ്ക്ക് സസ്പെൻഡ് ചെയ്തു. ഫെബ്രുവരി ഒൻപത് മുതൽ മെയ് നാല് വരെയാണ് സസ്പെൻഷൻ.

&&&&&&&&&&&&&&&&

## ARAVIND KEGRIVAL- CVC ENQUIRY

ഡൽഹി മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ ഔദ്യോഗിക വസതിയുടെ നിർമ്മാണത്തിലും നനവീകരണത്തിലും ക്രമക്കേടുകൾ നടന്നുവെന്ന ആരോപണത്തിൽ കേന്ദ്ര വിജിലൻസ് കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടു. മുതിർന്ന ബിജെപി നേതാവും ഡൽഹി എംഎൽഎയുമായ വിജേന്ദർ ഗുപ്തയുടെ പരാതിയിന്മേൽ അന്വേഷണം നടത്താനാണ് നിർദേശം.

&&&&&&&&&&&&&&&&

## PRAYAGRAJ-ACCIDENT

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ ഇന്നലെ രാത്രിയിൽ ഉണ്ടായ വാഹനാപകടത്തിൽ 10 പേർ മരിച്ചു. 19 പേർക്ക് പരിക്കേറ്റു. ഛത്തീസ്ഗഢിൽ നിന്ന് പ്രയാഗ്‌രാജിലേക്ക് വന്ന വാഹനവും പ്രയാഗ്‌രാജിൽ നിന്ന് വാരണസിയിലേക്ക് പോവുകയായിരുന്ന ബസും കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ദുഃഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## US ARMY BANS TRANSGENDERS

അമേരിക്കയിൽ ട്രാൻസ്ജെൻഡറുകളെ ഇനിമുതൽ സൈന്യത്തിൽ ചേരാൻ അനുവദിക്കില്ലെന്നും ലിംഗ മാറ്റ നടപടിക്രമങ്ങൾ അവസാനിപ്പിക്കുമെന്നും യുഎസ് ആർമി. ജനുവരി 27 ന് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് ഒപ്പുവച്ച എക്സിക്യൂട്ടീവ് ഉത്തരവിനെ തുടർന്നാണ് തീരുമാനം. നിലവിൽ സേവനം നടത്തുന്ന ട്രാൻസ്ജെൻഡർ അംഗങ്ങൾക്കായി 30 ദിവസത്തിനുള്ളിൽ ഒരു നയം നിർണ്ണയിക്കാൻ പെൻറഗണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രാജ്യത്തെ സേവിക്കാനുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ സന്നദ്ധതതയെ മാനിക്കുന്നതായും യുഎസ് ആർമി സമൂഹ മാധ്യമ പോസ്റ്റിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## ZELENSKYY-EU FORCE

യൂറോപ്പിനായി സായുധ സേന രൂപീകരിക്കണമെന്ന് യുക്രൈൻ പ്രസിഡൻറ് വോളോഡിമർ സെലെൻസ്കി മ്യൂണിക്ക് സുരക്ഷാ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. റഷ്യയ്ക്കെതിരായ തൻറെ രാജ്യത്തിൻറെ പോരാട്ടമാണ് അതിനുള്ള അടിത്തറയെന്ന് അദ്ദേഹം പറഞ്ഞു. സുപ്രധാന സുരക്ഷാ വിഷയങ്ങളിൽ യുഎസ് പിന്തുണ പിൻവലിക്കാനുള്ള സാധ്യത അവഗണിക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയാണ് സെലൻസ്കിയുടെ പരാമർശം.

&&&&&&&&&&&&&&&&

## INDIA - SRILANKA

ശ്രീലങ്കൻ വ്യവസായമന്ത്രി സുനിൽ ഹന്ദുനെത്തിയുമായി കേന്ദ്ര കൽക്കരി, ഖനി സഹമന്ത്രി സതീഷ് ചന്ദ്ര ദുബെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ധാതു പര്യവേക്ഷണം, ഖനന മേഖലകളിലെ സഹകരണം എന്നിവ സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. ലിഥിയം, ഗ്രാഫൈറ്റ്, നിക്കൽ, കോപ്പർ തുടങ്ങിയ അവശ്യ അസംസ്കൃത വസ്തുക്കളുടെ സ്ഥിരമായ വിതരണം ഉറപ്പാക്കുകയാണ് ഇന്ത്യയുടെ ക്രിറ്റിക്കൽ മിനറൽ മിഷൻറെ ലക്ഷ്യമെന്ന് ശ്രീ സതീഷ് ചന്ദ്ര ദുബെ പറഞ്ഞു.

&&&&&&&&&&&&&&&&

## MAHAKUMBH - BUS AVAILABILITY

പ്രയാഗ്‌രാജിൽ നടന്നുവരുന്ന മഹാകുംഭമേളക്ക് എത്തുന്ന ഭക്തരുടെ എണ്ണം കണക്കിലെടുത്ത്, അടുത്ത 3 ദിവസത്തേക്ക് 2,250 അധിക ബസുകൾ സർവീസുകൾ നടത്തുമെന്ന് ഉത്തർപ്രദേശ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ. അതേസമയം, പ്രയാഗ്‌രാജ് സംഗം റെയിൽവേ സ്റ്റേഷൻ ഇന്നും നാളെയും അടച്ചിടും. ഇന്ന് ഉച്ചയ്ക്ക് 12 മണി വരെ 73 ലക്ഷത്തിലധികം ആളുകളാണ് സംഗമത്തിൽ പുണ്യസ്നാനം നടത്തിയത്. കേന്ദ്രമന്ത്രിമാരായ പീയൂഷ് ഗോയൽ, ചിരാഗ് പാസ്വാൻ എന്നിവരും ഇന്ന് കുംഭമേളയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&&&&&&&&